


പ്രേക്ഷിദൻ:

റഷീദ് സി.
തോലിയാനിക്കരയിൽ വീട്
ആനപ്പാറ
പത്തനംതിട്ട - 689 645

സ്വീകർത്താവ്:

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
മുൻസിപ്പൽ ഓഫീസ്
പത്തനംതിട്ട - 689645

**വിഷയം: വിവരാവകാശനിയമം -05**

സർ,

1. പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ എത്ര അറവുശാലകൾ ഉണ്ട്?

2. പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ അറവുശാലകളിൽ 2009 ജനുവരി 1 മുതൽ 2009 ഒക്ടോബർ 24 വരെ എത്ര മൃഗങ്ങളെ കശാപ്പുചെയ്തു?

3. പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ അറവുശാലകളിൽ 2009 ജനുവരി 1 മുതൽ 2009 ഒക്ടോബർ 24 വരെ കശാപ്പുചെയ്ത മൃഗങ്ങളിൽ രോഗമുള്ള മൃഗങ്ങളാണോ രോഗമില്ലാത്തവയാണോ എന്നു വിലയിരുത്തുവാൻ എത്രമൃഗങ്ങളെ മെഡിക്കൽ പരിശോധന നടത്തി ?.

4. ഖണ്ഡിക മൂന്നിൽ വിവരിച്ചിരിക്കുന്ന മൃഗങ്ങളെ മെഡിക്കൽ പരിശോധന നടത്തുന്നതിനെ വിലക്കുന്ന എന്തെങ്കിലും ഉത്തരവ് അങ്ങയുടെ ഓഫീസിൽ ഉണ്ടോ? ഉണ്ട് എങ്കിൽ പകർപ്പ് നൽകുക.

മേൽഖണ്ഡികകളിലെ വിവരങ്ങൾക്കു ഖണ്ഡിക തിരിച്ചു ആർ.ഐ.എ. പ്രകാരം മറുപടി നൽകുവാൻ അപേക്ഷിക്കുന്നു.

എന്ന്

24-10-2009
പത്തനംതിട്ട

റഷീദ്. സി

നമ്പർ–ജി2–10482/09

നഗരസഭാ കാര്യാലയം,
തീയതി–5/11/09

പ്രേക്ഷിതൻ

ഇൻഫർമേഷൻ ആഫീസർ
പത്തനംതിട്ട നഗരസഭ

സ്വീകർത്താവ്

ശ്രീ.റഷീദ്.സി
തോലിയാനിക്കരയിൽ വീട്
ആനപ്പാറ, പത്തനംതിട്ട

വിഷയം–പത്തനംതിട്ട നഗരസഭ– വിവരാവകാശം– മറുപടി
അയയ്ക്കുന്നത് സംബന്ധിച്ച്

സൂചന–താങ്കളുടെ 26/10/09 ലെ അപേക്ഷ

സൂചന അപേക്ഷ പ്രകാരമുള്ള മറുപടി ചുവടെ ചേർക്കുന്നു.

1)ഒന്ന്

2)പത്തനംതിട്ട നഗരസഭ ആടുമാടുകളെ കശാപ്പു ചെയ്യുന്നതിനുള്ള അവകാശം ഒരോ വർഷവും ലേലം വിളിച്ചു നൽകുകയാണ്. ആയതിനാൽ എത്ര മൃഗങ്ങളെ കശാപ്പു ചെയ്തു എന്നത് നഗരസഭയ്ക്ക് അറിയുവാൻ സാധിക്കുകയില്ല.

3)ആന്റി മാർട്ടം, പോസ്റ്റ്മാർട്ടം തുടങ്ങിയ പരിശോധനയ്ക്കായി പത്തനംതിട്ട ജില്ലാ വെറ്ററിനറി ഡോക്ടറെ നഗരസഭ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് നടന്നുവരുന്നതുമാണ്.

4)രോഗമുള്ള മൃഗങ്ങളെ കശാപ്പ് ചെയ്യാറില്ല. മൃഗങ്ങളെ മെഡിക്കൽ പരിശോധന
വിലക്കിക്കൊണ്ടുള്ള യാതൊരു വിധ ഉത്തരവുകളും നിലവിൽ ഇല്ല.

വിശ്വസ്തതയോടെ

ഇൻഫർമേഷൻ ആഫീസർ

PATHANAMTHITTA • MUNICIPAL OFFICE • Pin 689 645

## വിവരാവകാശ നിയമം 19 (1)-ാം പകർപ്പ് പ്രകാരമുള്ള

## ആദ്യ അപ്പീൽ

പ്രേക്ഷിതൻ: റഷീദ് സി
തോലിയാനിക്കരയിൽ വീട്
ആനപ്പാറ
പത്തനംതിട്ട - 689645

സ്വീകർത്താവ് : **അപ്പീൽ അധികാരി**
വിവരാവകാശ നിയമം 05
മുനിസിപ്പൽ ഓഫീസ്
പത്തനംതിട്ട

## അപ്പീൽ സംഗതി

വിവരാവകാശ നിയമം 6 പ്രകാരം 4 വിവരങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ഒരു അപേക്ഷ അങ്ങയുടെ ഓഫീസിലെ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയിരുന്നു. ആയതിന് അപ്പീൽ അധികാരിയുടെ പേരുവിവരം രേഖപ്പെടുത്താതെയും പൂർണ്ണമായ മറുപടി നൽകാതെയുള്ള അപൂർണ്ണമായ മറുപടിക്കെതിരെയാണ് ഈ അപ്പീൽ സമർപ്പിക്കുന്നത്. ഖണ്ഡിക 2ലൂടെ ഞാൻ പി. ഐ. ഒ.യുടെ ആവശ്യപ്പെട്ടിരുന്നത് എത്ര മൃഗങ്ങളെ കശാപ്പ് ചെയ്തു എന്നാണ്. ആയതിന് കശാപ്പു ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകിയിട്ടുണ്ട് എന്നാണ്. ആയതിനാൽ വിവരം നൽകില്ല എന്നുമാണ്. ഖണ്ഡിക 3ലെ വിവരത്തിന് പി. ഐ. ഒ. മറുപടി നൽകിയിട്ടില്ല. ആന്റി മാർട്ടം പോസ്റ്റ്മാർട്ടം എന്നിവയ്ക്കായി പ്രത്യേക മൃഗ ഡോക്ടറെ നഗരസഭ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാണ്. പി. ഐ. ഒ. അറിയിച്ചിരിക്കുന്നത് എത്ര മൃഗങ്ങളെ രോഗവുമുള്ളവയാണോ അല്ലയോ എന്ന് വിലയിരുത്താൻ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിയെന്ന് പി. ഐ. ഒ. അറിയിച്ചിട്ടില്ല. പി. ഐ. ഒ.യ്ക്ക് നൽകിയ അപേക്ഷയുടെയും പി. ഐ. ഒ.യിൽനിന്നും ലഭിച്ച ആദ്യ മറുപടിയുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ആകയാൽ വിവരാവകാശ നിയമം 19 (1)-ാം വകുപ്പ് പ്രകാരം ഈ അപ്പീൽ തീർപ്പാക്കി തരുവാൻ വിനീതമായി അപേക്ഷിക്കുന്നു.

എന്ന്

12-12-2009
പത്തനംതിട്ട

റഷീദ് സി.

No.............................

Phone { Office : 2222249
Res : 2222219

**MUNICIPAL OFFICE**
**PATHANAMTHITTA**
**PIN - 689 645**

From,
**THE MUNICIPAL SECRETARY**

*Date*...............................

നമ്പർ-ജി2-12418/09 തീയതി-28/12/09

സ്വീകർത്താവ്

ശ്രീ.റഷീദ്.സി
തോലിയാനിക്കരയിൽ വീട്
ആനപ്പാറ, പത്തനംതിട്ട

വിഷയം-പത്തനംതിട്ട നഗരസഭ- വിവരാവകാശം- അപ്പീൽ മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന-താങ്കളുടെ 14/12/09 ലെ അപ്പീൽ അപേക്ഷ

സൂചന അപ്പീൽ അപേക്ഷ പ്രകാരമുള്ള മറുപടി ചുവടെ ചേർക്കുന്നു.

1)പബ്ലിക് ഇൻഫർമേഷൻ ആഫീസർ നൽകിയ മറുപടി ശരിയാണ്.

2)ആടുമാടുകളെ കശാപ്പു ചെയ്യുന്നതിനുള്ള അവകാശം കുത്തകയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. ആയതിലേക്ക് ഒരു വർഷത്തേക്കുള്ള കുത്തക തുക കരാറുകാരൻ മുൻകൂട്ടി മുനിസിപ്പൽ ഓഫീസിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കശാപ്പു ചെയ്യുന്ന ഓരോ മൃഗങ്ങൾക്കും ഉള്ള നിശ്ചിത ഫീസ് കരാറുകാരൻ നേരിട്ട് വാങ്ങുകയാണ് പതിവ് .

പ്രതിദിനം കശാപ്പുചെയ്യപ്പെടുന്ന മൃഗങ്ങളുടെ എണ്ണം-
വലിയ മൃഗങ്ങൾ - 4 ഉം, ചെറിയത് (ആട്) 8 മുതൽ 10 വരെയും ആണ്.

3)ഖണ്ഡിക 3 ലെ വിവരങ്ങൾക്ക് പബ്ലിക് ഇൻഫർമേഷൻ ആഫീസർ മറുപടി നൽകിയിട്ടുണ്ട്. മെഡിക്കൽ പരിശോധന നടത്തുന്നതിന് ജില്ലാ വെറ്റിനറി ഡോക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും പോസ്റ്റുമോർട്ടം, ആന്റി പോസ്റ്റുമോർട്ടം പരിശോധനയിൽ വെറ്റിനറി ഡോക്ടറുടെ മേൽ നോട്ടത്തിൽ നടന്നു വരുന്നു.നഗരസഭയ്ക്ക് നേരിട്ട് ബന്ധമില്ല കശാപ്പു ചെയ്യുന്ന എല്ലാ മൃഗങ്ങളെയും ഡോക്ടർമാർ പരിശോധിച്ചിട്ടുള്ളതാണ്.

4) പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെ മറുപടി ശരിയാണ്.

വിശ്വസ്തതയോടെ

[signature] 25/01/10
മുനിസിപ്പൽ സെക്രട്ടറി